# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

ജി.എൽ.പി.എസ്
കുറിച്യർമല

# ഉള്ളടക്കം


1) ആമുഖം
2) പ്രവർത്തന കലണ്ടർ
3) മധുരം മലയാളം
4) സംയുക്തഡയറി, സർഗാത്മകഡയറി
5) പാട്ടരങ്ങ്
6) റീഡേഴ്സ് തിയേറ്റർ
7) രചനോത്സവം
8) ഭാഷോത്സവം
9) എളുപ്പം അറബിക്
10) ഒരുദിനം ഒരു പദം
[മികവ് പ്രവർത്തനം]
11) കളിയിലൂടെ പഠനം
12) ഐ.ടി. മായാജാലം


GOVT. LP SCHOOL
WAYANAD
PIN - 673575
KURICHIARMALA, POZHUTHANA PO

KAVITHA. M.K
HEADMISTRESS
PEN: 537277
GLPS KURICHIARMALA

# ആമുഖം

2018 - 19 വർഷങ്ങളിൽ ഉണ്ടായ പ്രകൃതി ദുരന്തത്തിൽ കെട്ടിടം നഷ്ടപ്പെട്ട ജി.എൽ.പി.എസ് കുറിച്യർമല 7 വർഷങ്ങളായി ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയിലാണ് പ്രവർത്തിച്ചുവരുന്നത്. എന്നിരുന്നാലും ഓരോ അക്കാദമിക് വർഷങ്ങളിലും കുട്ടികൾ നേടേണ്ട ശേഷികൾ പൂർണമായും നേടിയെന്ന് ഉറപ്പാക്കിക്കൊണ്ടാണ് അക്കാദമിക പ്രവർത്തനങ്ങൾ നടന്നു വരുന്നത്.

സമഗ്ര ഗുണമേന്മ വർഷമായ 2025-26 ൽ കുട്ടികളുടെ സമഗ്രമായ പുരോഗതി ഞങ്ങൾ ലക്ഷ്യമിടുന്നു. വിദ്യാർത്ഥികളിൽ അടിസ്ഥാനശീലങ്ങൾ വളർത്തുന്നതിനും, വിഷയങ്ങളിലേക്കുള്ള താത്പര്യവും അറിവും വർദ്ധിപ്പിക്കുന്നതിനും സഹായകമായ പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. ഭാഷ, ഗണിതം, പരിസ്ഥിതി വിജ്ഞാനം, കല, കായികം തുടങ്ങി എല്ലാ മേഖലയും ഉൾപ്പെടുത്തിയാണ് സ്കൂൾ തല മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. സഹപാഠ പ്രവർത്തനങ്ങൾ, ലൈബ്രറി ഉപയോഗം, സാമൂഹിക ആശയ വിനിമയം, കളികൾ എന്നിവയെല്ലാം സമന്വയിപ്പിച്ച് വിദ്യാർത്ഥികളുടെ പൂർണ വളർച്ചയ്ക്ക് അനുയോജ്യമാകുന്ന തരത്തിലാണ് പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

# പ്രവർത്തന കലണ്ടർ

| Sl.No | പരിപാടിയുടെ പേര് | നിർവഹണകാലം |
|---|---|---|
| 1 | പ്രവർത്തനകലണ്ടർ | മെയ് |
| 2 | മധുരം മലയാളം | ജൂൺ - മാർച്ച് |
| 3 | സംയുക്തഡയറി, സർഗാത്മകഡയറി | ജൂൺ - മാർച്ച് |
| 4 | പാട്ടരങ്ങ് | ജൂൺ - മാർച്ച് |
| 5 | റീഡേഴ്സ് തിയേറ്റർ | ജൂലൈ - മാർച്ച് |
| 6 | രചനോത്സവം | ജൂലൈ - ഫെബ്രുവരി വരെ മാസം തോറും |
| 7 | ഭാഷോത്സവം | ജനുവരി - മാർച്ച് |
| 8 | എളുപ്പം അറബിക് | ജൂൺ - മാർച്ച് |
| 9 | ഒരു ദിനം ഒരു പദം [വിങ്ങ് പ്രവർത്തനം] | ജൂൺ - മാർച്ച് |
| 10 | കളിയിലൂടെ പഠനം | ജൂൺ - മാർച്ച് |
| 11 | ഐ.ടി. മായാജാലം | ജൂലൈ - മാർച്ച് |

# മലയാളം മധുരം

ഒന്ന്, രണ്ട്, മൂന്ന്, നാല് ക്ലാസ്സുകളിലെ കുട്ടികളുടെ ഭാഷാ ശേഷിവികാസത്തിന് സഹായിക്കുന്ന പ്രവർത്തന പരിപാടിയാണ് "മലയാളം മധുരം".

## പ്രവർത്തന ലക്ഷ്യങ്ങൾ

* ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരമൊരുക്കുന്നു.
* സർഗ ശേഷി വികാസത്തിന് സാധ്യത ഒരുക്കുന്നു.
* ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു.
* ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
* സ്വതന്ത്ര രചനകൾക്ക് അവസരമൊരുക്കുന്നു.
* കുഞ്ഞു ചിത്രകഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.

## പ്രവർത്തന ഘട്ടങ്ങൾ

* എസ്.ആർ.ജി യിൽ പ്രവർത്തനങ്ങൾ ചർച്ച, ആസൂത്രണം ചെയ്യുന്നു [മെയ് അവസാനം]
* കുട്ടിയും രക്ഷിതാവും ചേർന്ന വായന ആരംഭിക്കുന്നു [ജൂൺ]
* കുട്ടികളുടെ വായന ആരംഭിക്കുന്നു [ജൂൺ]
* തുടർന്നുള്ള മാസങ്ങളിൽ വായനോത്സവം, കലോത്സവം വായന ചങ്ങാത്തം തുടങ്ങി വ്യത്യസ്ത വായനക്ക് അവസരം.
* കുട്ടികൾ സ്വതന്ത്ര രചനകൾ നടത്തുന്നു [ഓരോ ടേമിലും]
* കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പുസ്തകം തയ്യാറാക്കുന്നു
* ഭാഷോത്സവത്തിൽ പ്രദർശിപ്പിക്കുന്നു.

## വിലയിരുത്തൽ

* പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്തിട്ടുണ്ട്.
* രക്ഷിതാവിന്റെ പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്.
* വായനയുടെ പടികൾ കൃത്യമായി പാലിച്ച് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.
* കഥോത്സവം, വായനോത്സവം, രചനോത്സവം എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.
* ഭാഷോത്സവത്തിന്റെ ഭാഗമായി കുഞ്ഞെഴുത്ത് പുസ്തകം പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്.
* കുട്ടികളുടെ വിവിധ പ്രകടനരൂപങ്ങൾ വീഡിയോ ഡോക്യുമെന്റ് ചെയ്ത് സമൂഹവുമായി പങ്കുവെച്ചിട്ടുണ്ട്.

## ചുമതല

ക്ലാസ്സ് ടീച്ചർ, PTA, HM

# സംയുക്തഡയറി, സർഗാത്മകഡയറി

ഒന്ന്, രണ്ട് ക്ലാസ്സുകളിൽ സംയുക്തഡയറിയും, മൂന്ന്, നാല് ക്ലാസ്സുകളിൽ സർഗാത്മകഡയറിയും എഴുതാനുള്ള അവസരം കുട്ടികൾക്ക് നൽകുന്നു. രക്ഷിതാവിന്റെ/ അധ്യാപികയുടെ സഹായത്തോടെ ദൈനംദിന അനുഭവങ്ങളെ ആത്മാംശം ഉൾക്കൊണ്ട് എഴുതാൻ കുട്ടികൾക്ക് കഴിയുന്നു. വിഭിന്ന നിലവാരക്കാരായ കുട്ടികളെ ലളിതമായ വരയിലൂടെയും എഴുത്തിലൂടെയും സ്വതന്ത്ര രചയിതാക്കളാക്കുന്നതിന് ഡയറിയിലൂടെ സാധിക്കും.

## ലക്ഷ്യങ്ങൾ

* സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.
* സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.
* സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് സാധിക്കുന്നു.
* ഭാഷാശേഷി വികസിപ്പിക്കുന്നതിന് സാധിക്കുന്നു.
* അനുഭവാധിഷ്ഠിതമായ ഭാഷാ പഠനം സാധ്യമാക്കുന്നു.

## പ്രവർത്തനഘട്ടങ്ങൾ

* SRG യിൽ മികച്ച ഡയറികൾ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു.
* ക്ലാസ് PTA യിൽ ഡയറി എഴുത്തിന്റെ ഘടന പരിചയപ്പെടുത്തുന്നു. രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുന്നു.
* എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.
* ജൂൺ മുതൽ ആരംഭിക്കുന്നു.

* ഡയറി ടീച്ചർ പരിശോധിച്ച് വിലയിരുത്തുന്നു.
* കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കുവെക്കുന്നു.
* കുട്ടികളിൽ സമ്മർദ്ദമേകാതെ ഡയറി പൂർത്തിയാക്കാൻ സഹായിക്കുന്നു.

## വിലയിരുത്തൽ

* ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തന പദ്ധതികൾ സംയുക്ത, സർഗാത്മക ഡയറിയുടെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.
* എല്ലാ രക്ഷിതാക്കളുടെയും പിന്തുണയും സഹായവും ഉറപ്പുവരുത്തിയിട്ടുണ്ട്.
* സർഗാത്മക ശേഷി വികാസനത്തിനുള്ള കഴിവുകൾ ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.
* രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പൊതുസമൂഹവുമായും രക്ഷിതാക്കളുമായും പങ്കുവെച്ചിട്ടുണ്ട്.
* മുഴുവൻ കുട്ടികളുടെയും സർഗാത്മക ഡയറികൾ പുസ്തക രൂപത്തിൽ തയ്യാറാക്കിയിട്ടുണ്ട്.
* വ്യക്തിഗതമായി പുസ്തകം തയ്യാറാക്കുന്നതിനുള്ള സാധ്യത ഒരുക്കിയിട്ടുണ്ട്
* തുടക്കം മുതലേ പ്രവർത്തനങ്ങളുടെ വീഡിയോ ഡോക്യുമെന്റ് ചെയ്തിട്ടുണ്ട്.

## ചുമതല

ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, പ്രധാനാധ്യാപകൻ

# പാട്ടരങ്ങ്

ഭാഷാപഠനത്തിൽ താളത്തിന് വളരെയധികം പ്രാധാന്യമുണ്ട്. കുട്ടിയിൽ താളബോധം രൂപപ്പെടുന്നതിലൂടെ വായന, ലേഖനം എന്നിവ എളുപ്പമാകുന്നു.

കവിതകൾ ഈണം കണ്ടെത്തി അവതരിപ്പിക്കാൻ താളബോധം സ്വായത്തമാക്കിയ കുട്ടിക്ക് എളുപ്പത്തിൽ കഴിയുന്നു. ഒപ്പം കവിതാസ്വാദനവും സാധ്യമാകുന്നു. പാഠഭാഗത്തിലെ കവിതകൾക്കൊപ്പം സമാന കവിതകൾക്കൊപ്പം സമാനകവിതകൾ കണ്ടെത്തി ഈണത്തിലും ഭാവത്തിലും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്. ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകമാക്കാൻ പാട്ടരങ്ങിലൂടെ കഴിയും.

## ലക്ഷ്യങ്ങൾ

* താളം മനസിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാനകവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.
* കുട്ടി കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും ആവിഷ്കരിക്കുകയും ചെയ്യുന്നു.
* ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.
* ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.
* ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.

## പ്രവർത്തനഘട്ടങ്ങൾ

* പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ, പ്രവർത്തനക്രമം എന്നിവ SRG യിൽ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദേശങ്ങൾ അനുസരിച്ച് മെച്ചപ്പെടുത്തുന്നു. [ജൂൺ ആദ്യവാരം]

* ക്ലാസ് PTA യിൽ പദ്ധതി അവതരിപ്പിക്കുന്നു. രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുന്നു.
* കുട്ടികളെ പങ്കാളികളാക്കി പാട്ടരങ്ങ് അവതരിപ്പിക്കൽ
* പാട്ടരങ്ങിൽ പാഠഭാഗങ്ങളിലെ പ്രവർത്തനങ്ങൾ ഉൾച്ചേർത്ത് അവതരിപ്പിക്കൽ [ജൂൺ - ജൂലൈ]
* തുടർ പാഠങ്ങളുടെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ. വീഡിയോ ഡോക്യുമെന്റ് തയ്യാറാക്കൽ.
* ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ [മാർച്ച് രണ്ടാംവാരം]

## വിലയിരുത്തൽ

* ലക്ഷ്യ പൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തന പദ്ധതികൾ പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്
* ക്ലാസ് PTA യുടെ പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്.
* പാഠഭാഗങ്ങളിൽ സാധ്യതയുള്ള ഭാഗങ്ങൾ കണ്ടെത്തി പാട്ടരങ്ങ് പ്രവർത്തന പരിപാടി തയ്യാറാക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.
* കുട്ടികളുടെ അവതരണങ്ങൾ വീഡിയോ ഡോക്യുമെന്റ് ചെയ്ത് രക്ഷിതാക്കളുമായി പങ്കുവെച്ചിട്ടുണ്ട്.
* ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിച്ചിട്ടുണ്ട്.

## ചുമതല

ക്ലാസ് ടീച്ചർ, PTA, HM

# റീഡേഴ്സ് തിയേറ്റർ

കഥകൾ, കുട്ടിക്കവിതകൾ , ലഘുവിവരണങ്ങൾ, സംഭാഷണ തുടങ്ങിയവ ഭാവാത്മകമായി ആശയം ഉൾക്കൊണ്ട് വായിക്കാൻ കഴിയുന്നവരാകണം പ്രൈമറി ക്ലാസിലെത്തുന്ന ഓരോ കുട്ടിയും. കുട്ടികൾക്ക് മുന്നിൽ വൈവിധ്യമുള്ള പഠനതന്ത്രങ്ങൾ അവതരിപ്പിച്ച് ഭാഷാമികവുണ്ടാക്കാൻ അധ്യാപികക്കും വിദ്യാലയത്തിനും കഴിയണം. ഭാവാത്മക വായനയ്ക്കും കാവ്യവായനയ്ക്കും ഏറെ സാധ്യതയുള്ള ഒരു സങ്കേതമാണ് റീഡേഴ്സ് തിയേറ്റർ.

## ലക്ഷ്യങ്ങൾ

* റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ കുട്ടികൾ ഏർപ്പെടുന്നു.
* മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.
* പാഠപുസ്തകങ്ങളിലെയും ലഘു ബാല സാഹിത്യകൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു.
* ഭാഷയിലെ പഠനമുന്നേറ്റത്തിന് സംഗീതം, കാവ്യവായന, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.

## പ്രവർത്തന ഘട്ടങ്ങൾ

* എസ്. ആർ. ജി യിൽ റീഡേഴ്സ് തിയേറ്റർ ആശയം പങ്കിടൽ [ജൂൺ]
* ക്ലാസ് പി.ടി.എ യിൽ റീഡേഴ്സ് തിയേറ്റർ ആശയം പങ്കിടലും പിന്തുണ ഉറപ്പുവരുത്തലും [2025 ജൂൺ 3-ാം വാരം].
* ഏകദിന റീഡേഴ്സ് തിയേറ്റർ ശില്പശാല [2025 ജൂലൈ 2-ാം വാര
* എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ

തെരഞ്ഞെടുത്ത ബാലസാഹിത്യകൃതികൾ എന്നിവ റീഡേഴ്സ് തിയേറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുക.
[ജൂലൈ - മാർച്ച്]

* മികച്ച അവതരണങ്ങൾ ക്ലാസ്സ്, സ്കൂൾതല സഭകളിൽ അവതരിപ്പിക്കാൻ അവസരം [ജൂലൈ-മാർച്ച്].
* ആഘോഷാവസരത്തിൽ റീഡേഴ്സ് തിയേറ്റർ സങ്കേതം മികച്ച പ്രവർത്തനങ്ങൾ അവതരണം [2026 മാർച്ച് 2-ാം വാരം]

വിലയിരുത്തൽ

* റീഡേഴ്സ് തിയേറ്റർ പ്രവർത്തനത്തെക്കുറിച്ച് എസ്.ആർ.ജി, ക്ലാസ്സ് പി.ടി.എ അംഗങ്ങൾക്ക് ധാരണ നൽകിയിട്ടുണ്ട്.
* കുട്ടികളെ റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ പങ്കാളിയാക്കുന്നതിൽ അധ്യാപികയ്ക്ക് പ്രായോഗിക ധാരണയുണ്ട്.
* റീഡേഴ്സ് തിയേറ്റർ നടപ്പിലാക്കുന്നതിന് അനുയോജ്യമായ പാഠഭാഗങ്ങൾ, ലഘു ബാലസാഹിത്യ കൃതികൾ എന്നിവ കണ്ടെത്തിയിട്ടുണ്ട്.
* കുട്ടികൾക്ക് റീഡേഴ്സ് തിയേറ്റർ അവതരിപ്പിക്കുന്നതിനുള്ള സന്ദർഭം, വേദികൾ ഒരുക്കുന്നു.
* മികച്ച അവതരണങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.
* എല്ലാ കുട്ടികളെയും .. റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമാക്കുന്നു.

ചുമതല

ക്ലാസ്സ് ടീച്ചർ, CPTA

# രചനോത്സവം

കഥ, കവിത, ഡയറി, കത്തെഴുത്ത്, സംഭാഷണം, വിവരണം തുടങ്ങിയ ഭാഷാ വ്യവഹാര രൂപങ്ങൾ പരിചയപ്പെടുത്തുകയും സ്വന്തമായി രചനാ പ്രവർത്തനങ്ങളിൽ പങ്കാളിയാവുകയും ചെയ്യുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക എന്നതാണ് രചനോത്സവം കൊണ്ട് ലക്ഷ്യമിടുന്നത്.

## ലക്ഷ്യങ്ങൾ

* എല്ലാ കുട്ടികളും രചനാപ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു.
* രചനാ പ്രവർത്തനങ്ങളിൽ വൈവിധ്യങ്ങളായ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തുന്നു.
* കൃത്യമായ ഇടവേളകളിൽ ക്ലാസ്സ്തല, സ്കൂൾതല രചനാപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

## പ്രവർത്തനഘട്ടങ്ങൾ

* രചനോത്സവ പ്രവർത്തന മാർഗരേഖ SRGയിൽ അംഗീകരിക്കുന്നു [ജൂൺ 3-ാം വാരം]
* CPTA യിൽ രചനോത്സവം പദ്ധതി അവതരിപ്പിക്കുന്നു.
* പ്രതിമാസ രചനോത്സവം [ജൂലൈ – ഫെബ്രുവരി]
* രചനകൾ പ്രസിദ്ധീകരിക്കൽ [സെപ്റ്റംബർ, ഡിസംബർ, മാർച്ച്]
* കുട്ടികളുടെ വ്യക്തിഗത രചനകൾ പ്രസിദ്ധീകരിക്കൽ [മാർച്ച്]

## വിലയിരുത്തൽ

* രചനോത്സവത്തിൽ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നു.
* എല്ലാ വ്യവഹാരരൂപങ്ങൾക്കും പ്രാധാന്യം നൽകിയിട്ടുണ്ട്

* കൃത്യമായ ഇടവേളകളിൽ ക്ലാസ് തല, സ്കൂൾ തല രചനോത്സവം സംഘടിപ്പിക്കുന്നു.
* രചനകൾ പ്രദർശിപ്പിച്ചിട്ടുണ്ട്.

<u>ചുമതല</u>

ക്ലാസ് ടീച്ചർ, HM, SRG

# ഭാഷോത്സവം

സ്കൂളിലെ മുഴുവൻ കുട്ടികളെയും സ്വതന്ത്ര വായനക്കാരും എഴുത്തുകാരുമാക്കുക എന്നതാണ് ലക്ഷ്യം. കുട്ടികളുടെ മികവുകൾ സമൂഹത്തിനു മുന്നിൽപ്രകടമാക്കാൻ ഭാഷോത്സവത്തിലൂടെ കഴിയും. ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും ഭാഷോത്സവം കുട്ടികളെ പ്രാപ്തരാക്കുന്നു.

## ലക്ഷ്യം

* ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
* കുട്ടികളുടെ സ്വതന്ത്ര രചനയ്ക്ക് സാധ്യത ഒരുക്കുന്നു
* കുട്ടികളുടെ സർഗശേഷികൾ സമൂഹത്തിനുമുന്നിൽ അവതരിപ്പിക്കുന്നു.
* ഭാഷാ പഠനം അനുഭവാധിഷ്ഠിതമാക്കുന്നതിന് കഴിയുന്നു.
* ആശയങ്ങളെ / അനുഭവങ്ങളെ വിവിധ വ്യവഹാരരൂപങ്ങളിലൂടെ പ്രകടിപ്പിക്കുന്നതിന് കഴിയുന്നു.
* ആശയ പൂർണതയോടെ തന്മയ രചനകൾ നടത്താൻ പ്രാപ്തരാക്കുന്നു.

## പ്രവർത്തനഘട്ടങ്ങൾ

* ഭാഷോത്സവം SRG യിൽ ആസൂത്രണം ചെയ്യുന്നു.
* PTA യിൽ അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു.
* ഭാഷോത്സവത്തിന്റെ ഭാഗമായി അവതരിപ്പിക്കേണ്ട മികവുകൾ ലിസ്റ്റ് ചെയ്യുന്നു.
* പ്രദർശനത്തിനുള്ള മുന്നൊരുക്കങ്ങൾ ചെയ്യുന്നു.
* ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.

* സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നു.
* മാർച്ചിൽ ഭാഷോത്സവം സംഘടിപ്പിക്കുന്നു
* SRG യിൽ അവലോകനം ചെയ്യുന്നു.

## വിലയിരുത്തൽ

* ലക്ഷ്യപ്രാപ്തിയ്ക്കായുള്ള മുന്നൊരുക്കപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.
* മികവുകൾ സമൂഹത്തിനു മുമ്പിൽ പ്രകടിപ്പിക്കാൻ തരത്തിൽ കുട്ടികളെ പ്രാപ്തരാക്കിയിട്ടുണ്ട്.

## ചുമതല

അധ്യാപകർ, രക്ഷിതാക്കൾ, HM

# എളുപ്പം അറബിക്

## ആമുഖം

ഒന്ന് മുതൽ നാലാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് അറബിഭാഷാ പഠനം മെച്ചപ്പെടുത്തുന്നതിനും ചിത്രവായന മുതൽ തുടങ്ങി അക്ഷരങ്ങളും, പദങ്ങളും വാക്കുകളും വാചകങ്ങളും ചേർത്തു വായിക്കാനും എഴുതാനും പ്രാപ്തമാക്കാനും, കഥയും കവിതയും കേട്ട് ഭാഷയിൽ എളുപ്പം ഉണ്ടാക്കാനും, താത്പര്യം ജനിപ്പിക്കാനും ഉതകുന്ന ഒരു മാസ്റ്റർ പ്ലാൻ ആണ് ഇവിടെ തയ്യാറാക്കുന്നത്.

## ലക്ഷ്യങ്ങൾ

- അറബിക് അക്ഷരങ്ങൾ പഠിക്കുക
- ലഘുവാക്യങ്ങൾ വായിച്ച് മനസ്സിലാക്കുക
- പ്രാഥമിക വാക്കുകളും വാക്യങ്ങളും എഴുതാൻ പഠിക്കുക.
- അടിസ്ഥാന വാചകം, പതിവായി ഉപയോഗിക്കുന്ന പദങ്ങൾ പഠിക്കുക.
- സംസാര സ്വഭാവം വളർത്തുക.

KAVITHA. M.K കവിത
HEADMISTRESS
PEN: 537277
GLPS KURICHIARMALA

# ഒരു ദിനം ഒരു പദം

വിദ്യാലയ മികവ് പ്രവർത്തനമായി 'ഒരു ദിനം ഒരു പദം' തിരഞ്ഞെടുത്തു. വിദ്യാർത്ഥികളുടെ പദസഞ്ചയം സമൃദ്ധമാക്കുന്നതിനും, ഭാഷാ വിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും ഒരു ദിനത്തിൽ ഓരോ പദം പഠിപ്പിക്കുന്നതിനുള്ള ശ്രമം. ക്ലാസ്സ് നിലവാരത്തിനനുസരിച്ച് പദം, വാക്കുകളായും, വാക്യങ്ങളായും, വ്യത്യസ്ത വ്യവഹാര രൂപങ്ങളായും വളരുന്നു.

## ലക്ഷ്യങ്ങൾ

* ഭാഷാ പഠനത്തിനുള്ള താത്പര്യം വളർത്തിയെടുക്കുക.
* പ്രവർത്തനങ്ങളിൽ പങ്കാളിയാകുന്നതിനുള്ള മനോഭാവം.
* സ്വാഭാവിക സാഹചര്യത്തിൽ നിന്നുകൊണ്ട് അറിവ് നിർമ്മാണം.

## പ്രവർത്തനഘട്ടങ്ങൾ

* പ്രവർത്തനം SRG യിൽ ആസൂത്രണം ചെയ്യുന്നു.
* നൈദനംദിന പദങ്ങൾ തിരഞ്ഞെടുക്കുന്നു.
* പദകാർഡുകൾ നിർമ്മിക്കുന്നു.
* പദകാർഡുകൾ വായന, അർത്ഥം മനസ്സിലാക്കൽ
* കുട്ടികൾ വാക്ക് ബുക്ക് തയ്യാറാക്കൽ
* പദങ്ങൾ ഉപയോഗിച്ചുള്ള വിലാതരം പ്രവർത്തനങ്ങൾ.
* നിലവാരമനുസരിച്ച് വാക്യങ്ങളും, വ്യവഹാരരൂപങ്ങളും തയ്യാറാക്കുന്നു.
* ഉത്പന്നങ്ങളുടെ പ്രദർശനം
* കുട്ടികളുടെ അവതരണം.

## വിലയിരുത്തൽ

* നിലവാരത്തിന് അനുസരിച്ച് എല്ലാ കുട്ടികൾക്കും പങ്കെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.
* വ്യക്തിഗത പ്രകടനം, ഉത്പന്നങ്ങളുടെ പ്രദർശനം നടത്തിക്കിട്ടുണ്ട്.
* എല്ലാ കുട്ടികൾക്കും ഭാഷാപ്രകടനത്തിനുള്ള അവസരം നൽകിയിട്ടുണ്ട്.

## ചുമതല

HM, SRG, CPTA

# കളിയിലൂടെ പഠനം

വിദ്യാർത്ഥികളുടെ ശാരീരികവും മാനസികവും സാമൂഹികവുമായ വികസനത്തിന് കളികൾ സഹായകമാണ്. പാഠ്യ പാഠ്യേതരപ്രവർത്തനങ്ങളുടെ ഭാഗമായി കളികളിൽ ഏർപ്പെട്ട് ആരോഗ്യകരമായ ജീവിതശൈലി കൈവരിക്കുക എന്നതാണ് പ്രവർത്തനം.

## ലക്ഷ്യങ്ങൾ

* കളികളിലൂടെ കുട്ടികൾക്ക് ശാരീരികാഭ്യാസം ലഭ്യമാക്കുന്നു.
* കൂട്ടായ്മ, സഹകരണം, ചിന്തുണ, കരുതൽ തുടങ്ങിയ സാമൂഹ്യ മൂല്യങ്ങൾ വളർത്തിയെടുക്കുന്നു.
* പഠനത്തിനൊപ്പം കളികൾ ഉൾപ്പെടുത്തുന്നു. അധ്യാപന പ്രക്രിയ രസകരമാക്കുന്നു.
* ശാരീരിക ആരോഗ്യം മെച്ചപ്പെടുത്തുന്നു.
* നൈതിക മൂല്യങ്ങൾ വികസിപ്പിക്കുന്നു.

## പ്രവർത്തനഘട്ടങ്ങൾ

* പഠനപ്രവർത്തനങ്ങളിൽ കളികൾ ഉൾപ്പെടുത്തി പ്രവർത്തികമാക്കുന്നു-
* പ്രത്യേക ആഘോഷങ്ങളിലും മറ്റും കളികൾ, മത്സരങ്ങൾ ആസൂത്രണം ചെയ്യുന്നു - നടപ്പിലാക്കുന്നു.

## വിലയിരുത്തൽ

* എല്ലാ കുട്ടികളെയും പങ്കാളികളാക്കിയിട്ടുണ്ട്.
* വ്യത്യസ്ത കളികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

## ചുമതല

HM, ക്ലാസ് ടീച്ചർ, SRG.

# ഐ.ടി മായാജാലം

കുട്ടികൾക്ക് സാങ്കേതിക വിദ്യയുടെ ഗുണവും ദോഷവും മനസിലാക്കികൊടുക്കുന്നതോടൊപ്പം സാങ്കേതിക വിദ്യ ഗുണപരമായി ഉപയോഗപ്പെടുത്തുന്നതിനുള്ള മൂല്യങ്ങൾ വളർത്തിയെടുക്കുക എന്നതാണ് പ്രവർത്തനോദ്ദേശം.

## ലക്ഷ്യങ്ങൾ

* ഡിജിറ്റൽ സാക്ഷരത വളർത്തുക.
* ഇന്റർനെറ്റ് സുരക്ഷയും ഉത്തരവാദിത്വവുമറിയുക
* സാങ്കേതികതയോടുള്ള ആത്മവിശ്വാസം വർദ്ധിപ്പിക്കുക.
* ബേസിക് IT ടൂളുകൾ പരിചയപ്പെടുക.
* 1 മുതൽ 4 വരെ ക്ലാസ്സുകളിലെ പാഠഭാഗവുമായി ബന്ധപ്പെട്ട് കളിപ്പെട്ടി ഉപയോഗപ്പെടുത്തൽ.

## പ്രവർത്തനഘട്ടങ്ങൾ

* IT ടൂളുകൾ പരിചയപ്പെടുന്നു.
* ലാപ് ഉപയോഗക്രമം മനസ്സിലാക്കുന്നു.
* കളിപ്പെട്ടി പ്രയോജനപ്പെടുത്തി പ്രവർത്തനങ്ങൾ ചെയ്യുന്നു.

## വിലയിരുത്തൽ

* എല്ലാ കുട്ടികൾക്കും സാങ്കേതിക വിദ്യയെ കുറിച്ച് അറിവ് നേടിയിട്ടുണ്ട്.
* എല്ലാവരെയും പ്രവർത്തനങ്ങളിൽ പങ്കാളികളാക്കിയിട്ടുണ്ട്.
* ലാപ് ഉപയോഗ സാധ്യത എല്ലാവർക്കും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ചുമതല - ക്ലാസ്സ് ടീച്ചർ, SRG, HM

KAVITHA. M.K
HEADMISTRESS
PEN: [illegible]
GLPS KURICHIARMALA